LIBRARY ARCHIVES Kerala Legislative Assembly

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി അനുമതി

223 (3430) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, കുഴിപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ, മുളവുകാട്, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽ ഇതുവരെ തീരുമാനം എടുക്കാത്തവ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത അതോറിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 502 അപേക്ഷകൾ.

(ബി) 385 അപേക്ഷകൾ.

കുടുംബശ്രീ മിഷൻ

224 (3431) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീ പ്രവർത്തകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്നു മുതൽ പ്രാബല്യത്തിൽ വന്നു എന്നും വ്യക്തമാക്കുമോ;

(സി) കുടുംബശ്രീ പ്രവർത്തകർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന പദ്ധതി ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച്

ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക (ലക്ഷത്തിൽ)	ലഭിച്ച തുക	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	4500	4500	7100
2012-13	8417	8417	6032
2013-14	9000	9000	8654
2014-15	11549	7500	8616
2015-16 (31-10-2015 വരെ)	12249	- -	4906

മുൻ വർഷങ്ങളിൽ ലഭിച്ചതും തൊട്ടടുത്ത വർഷങ്ങളിൽ പ്രസ്തുത തുക ചെലവഴിച്ചതിനാലുമാണ് ചില വർഷങ്ങളിൽ ലഭിച്ച തുകയെക്കാൾ കൂടുതൽ തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) ഉണ്ട്. കുടുംബശ്രീ പ്രവർത്തകർക്ക് 2013 മുതൽ ഇൻഷ്വറൻസ് നടപ്പിലാക്കിവരുന്നു.

(സി) കുടുംബശ്രീ പ്രവർത്തകർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായുള്ള പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ

225 (3432) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം എത്ര രൂപ ചെലവഴിച്ചു;

(ബി) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കുടുംബശ്രീ മിഷൻ വിവിധ പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) കുടുംബശ്രീകൾക്ക് നൽകാനുള്ള ഗ്രാന്റുകളും സബ്സിഡികളും കുടിശ്ശികയില്ലാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly